AWWF-D2-99/2021

കേരള അങ്കണവാടി വർക്കേഴ്സ് &
ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്
പൂജപ്പുര തിരുവനന്തപുരം
Email:awwfkerala@gmail.com
ഫോൺ:0471-2342433
തീയതി: 07/02/2022

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വിഷയം: വനിതാ ശിശു വികസന വകുപ്പ് -അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് - അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി വിഹിതം സംബന്ധിച്ച്

സൂചന: ഈ ഓഫീസിലെ 11/02/2021 ലെ AWWF/D2-99/21 നമ്പർ പരിപത്രം

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .അങ്കണവാടി ജീവനക്കാരുടെ ക്ഷേമനിധി വിഹിതം എല്ലാ മാസവും 10ാം തീയതിക്കകം /ബിൽ മാറുന്ന ദിവസം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ പൂജപ്പുര ബ്രാഞ്ചിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 57036988531 (IFSC:SBIN0070032) എന്ന അക്കൗണ്ട് നമ്പരിലേക്ക് നിക്ഷേപിക്കുന്നതിന് നിർദേശം നൽകിയിരുന്നു.എന്നാൽ പല ഐസിഡിഎസ് പ്രോജെക്ടിൽ നിന്നും യഥാസമയം ക്ഷേമനിധി വിഹിതം ട്രാൻസ്ഫർ ചെയ്യുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ മാസവും ലഭിക്കുന്ന ക്ഷേമനിധി വിഹിതം ഉപയോഗിച്ചാണ് വിരമിച്ച അങ്കണവാടി വർക്കർ/ ഹെൽപ്പർമാർക്ക് പെൻഷൻ നൽകി വരുന്നത്.

കൂടാതെ അങ്കണവാടി ക്ഷേമ നിധി വിഹിതം സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് പല ജില്ലകളിൽ നിന്നും യഥാസമയം ലഭ്യമാകാത്തതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ക്ഷേമനിധി അക്കൗണ്ടിൽ ഓരോ മാസവും നിക്ഷേപിക്കുന്ന വിഹിതം ഏത് ഐസിഡിഎസിൽ നിന്നുമാണെന്ന് കണ്ടെത്തുന്നതിന് സാധിക്കാതെ വരുന്നു.

ടി സാഹചര്യത്തിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിമാസ ക്ഷേമനിധി വിഹിതം എല്ലാ മാസവും 10ാം തീയതിക്കകം /ബിൽ മാറുന്ന ദിവസം തന്നെ അതാത് ശിശു വികസന പദ്ധതി ഓഫീസർമാർ സിഇഒയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും തുക ട്രാൻസ്ഫർ ആയിട്ടുണ്ടെന്ന് ഉറപ്പ്

വരുത്തേണ്ടതും, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ പ്രകാരം എല്ലാ സി ഡി പി ഓ മാരും എല്ലാ മാസവും 10ാം തീയതിക്കുള്ളിൽ ജില്ലാ വനിതാശിശുവികസനഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതും, കൺസോളിഡേറ്റഡ് റിപ്പോർട്ട് ജില്ലാ ഓഫീസർമാർ 15ാം തീയതിക്കുള്ളിൽ അങ്കണവാടി ക്ഷേമനിധി ബോർഡിലേക്ക് അയച്ചുതരേണ്ടതുമാണ്. കൂടാതെ എല്ലാ ജില്ലകളിലെയും 2021 ഡിസംബർ മാസത്തെ ക്ഷേമനിധി വിഹിതം നിക്ഷേപിച്ചത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അടിയന്തിരമായി അയച്ചു തരേണ്ടതാണ്.

## പ്രൊഫോർമ

**ജില്ല:** **മാസം:**

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഓണറേറിയം ബിൽ മാറിയ തിയതി | ക്ഷേമനിധി വിഹിതം ഒടുക്കിയ അംഗങ്ങളുടെ എണ്ണം | | ക്ഷേമനിധി വിഹിതം | | ക്ഷേമനിധി വിഹിതം സി ഇ ഓയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റായ തീയതി (NB:ചെക്ക് തീയതി അല്ല രേഖപ്പെടുത്തേണ്ടത് ) | |
|---|---|---|---|---|---|---|---|---|
| | | | വർക്കർ | ഹെൽപ്പർ | വർക്കർ | ഹെൽപ്പർ | തുക | തീയതി |
| | | | | | | | | |
| | | | | | | | | |

വിശ്വസ്തതയോടെ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ